# ഗവ. എൽ. പി. എസ് തൃക്കുന്നപ്പുഴ

PH. 04792991077, 9400601306
Gmail- govtlpsthrikkunnappuzha@gmail.com



## സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി 2024-25

## പ്രകാശനം

02/06/2025 തിങ്കൾ

# ഗവ. എൽ. പി. എസ് തൃക്കുന്നപ്പുഴ

PH. 04792991077, 9400601306
Gmail- govtlpsthrikkunnappuzha@gmail.com



## സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി 2024-25

## പ്രകാശനം

02/06/2025 തിങ്കൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ജാലകം

സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി

ഗവ : എൽ. പി. എസ്. തൃക്കുന്നപ്പുഴ


2025-26

സമർപ്പണം

02/06/2025

തിങ്കൾ





# ഉള്ളടക്കം


- സ്കൂൾ വിവരങ്ങൾ
- പൊതു ലക്ഷ്യങ്ങൾ
- പിന്നാമ്പുറം പരതുമ്പോൾ
- അവസ്ഥാ വിശകലനം
- പ്രശ്നങ്ങൾ വെല്ലുവിളികൾ

1. അക്കാദമികം
2. ഭൗതികം
3. സാമൂഹികം

- നേടിയെടുക്കേണ്ട /നടപ്പിലാക്കേണ്ട കാര്യങ്ങൾ
- മുന്നൊരുക്കങ്ങൾ STD 1
- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി പ്രവർത്തനങ്ങൾ
- പ്രവർത്തനങ്ങൾ -മലയാളം
- ഇംഗ്ലീഷ്
- ഗണിതം
- ശാസ്ത്രം /സാമൂഹ്യശാസ്ത്രം
- ഹിന്ദി പഠനം
- അറബിക്
- ഉൾച്ചേർന്ന വിദ്യാഭ്യാസം
- വിവരസാങ്കേതികവിദ്യ
- സവിശേഷ പഠന പിന്തുണ
- പഠനയാത്ര
- പഠനോപകരണ നിർമ്മാണം
- പരീക്ഷ /നിരന്തര വിലയിരുത്തൽ
- മേഖല -സാമൂഹികബന്ധ ആസൂത്രണം
- മേഖല- ഭൗതിക സൗകര്യ വികസനം
- സമാപനക്കുറിപ്പ്

# സ്കൂൾ വിവരങ്ങൾ

ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽ തൃക്കുന്നപ്പുഴ പഞ്ചായത്തിന്റെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന സരസ്വതി ക്ഷേത്രമാണ് തൃക്കുന്നപ്പുഴ ഗവൺമെന്റ് എൽ. പി.സ്കൂൾ. സമൂഹത്തിന്റെ സഹായത്തോടെ പരാധീനതകൾ മറികടന്ന് മികവിന്റെ കേന്ദ്രമാകുവാൻ കുതിക്കുകയാണ് ഈ പ്രാഥമിക വിദ്യാലയം.

സാമ്പത്തിക പരിമിതികൾ മറികടന്ന് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടും വിദ്യാഭ്യാസ അവകാശ നിയമവും മുന്നോട്ടുവയ്ക്കുന്ന നേട്ടങ്ങൾ സമൂഹത്തിൽ എത്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശ നിയമം ഉയർത്തുന്ന അയൽപക്ക വിദ്യാലയം എന്ന ഉദാത്തമായ സങ്കല്പം സാർത്ഥകമാക്കണമെങ്കിൽ പ്രാദേശിക സമൂഹം ഈ സ്ഥാപനത്തെ സഹായിക്കുന്നത് തുടരേണ്ടതുണ്ട്. ലിംഗം, ജാതി,മതം, ഭാഷ, ദേശം, സംസ്കാരം, ശാരീരികമായ വെല്ലുവിളികൾ മുതലായവയിൽ നിന്നുടലെടുക്കുന്ന പരിമിതികളെ അതിജയിച്ചു വേണം മുന്നോട്ടു പോകാൻ. പ്രാദേശിക സമൂഹത്തെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും വിദ്യാലയത്തോട് ചേർത്ത് നിർത്തിക്കൊണ്ട് സ്ഥാപനം ഇന്ന് നേരിടുന്ന പരിമിതികളെ ഒന്നൊന്നായി മറികടന്ന് വേണം ലക്ഷ്യ പ്രാപ്തിയിലേക്കെത്താൻ.

സംസ്ഥാന ഗവൺമെന്റ് പൊതുവിദ്യാലയ സംരക്ഷണത്തിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി തീരുമ്പോൾ ആ വഴിക്കുള്ള ഒരു ശ്രമമായി അക്കാദമിക മാസ്റ്റർ പ്ലാൻ രൂപപ്പെടുകയാണ്. കാലത്തിന്റെയും ദേശത്തിന്റെയും ആശയ്ക്കും ആവശ്യങ്ങൾക്കും അനുസരിച്ച് ഭേദഗതിയ്ക്കനുകൂലമായ ഒരു തുറന്ന സമീപനമാണ് ഇതിൽ ഉള്ളത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കും എന്ന് പ്രതീക്ഷിക്കട്ടെ... വിവിധ ഘട്ടങ്ങളിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തി മാസ്റ്റർ പ്ലാൻ ക്രമീകരിക്കാവുന്നതാണ്.

# പൊതു ലക്ഷ്യങ്ങൾ

- പ്രവേശനം നേടുന്ന എല്ലാ കുട്ടികളുടെയും സമഗ്രവികസനത്തിന് ഉതകുന്ന ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തും.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് വിവിധ തലങ്ങളിൽ ശ്രദ്ധേയരായ പൗരന്മാരായി വളർത്തും.
- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും യഥാകാലം നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- മാതൃഭാഷയിലും ഇംഗ്ലീഷിലും മികച്ച നിലവാരം ഉറപ്പുവരുത്തും.
- ജീവിത നൈപുണികളിൽ മാതൃകാപരമായ നില കൈവരുത്തും.
- പരിസ്ഥിതി സൗഹാർദ്ദപരമായ കാഴ്ചപ്പാടും മാനവികതയിൽ ഊന്നിയ മൂല്യബോധവും വളർത്തും.
- ആധുനിക വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തും.
- ആരോഗ്യ കലാകായിക പ്രവർത്തി പരിചയ മേഖലകളുടെ സമഗ്ര വികാസം ഉറപ്പുവരുത്തും.
- പടിപടിയായി അന്തർദേശീയ തലത്തിലേക്ക് വിദ്യാലയത്തെ പരിവർത്തിപ്പിക്കും.
- സ്കൂൾ നാടിന്റെ സാംസ്കാരിക കേന്ദ്രം എന്ന സങ്കല്പം യാഥാർത്ഥ്യമാക്കും.

# പിന്നാമ്പുറം പരതുമ്പോൾ

ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽ തൃക്കുന്നപ്പുഴ പഞ്ചായത്തിൽ തൃക്കുന്നപ്പുഴയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന വിജ്ഞാന ഗേഹമാണ് തൃക്കുന്നപ്പുഴ ഗവൺമെന്റ് എൽ.പി. സ്കൂൾ. ഈ പ്രദേശത്ത് സമൂഹത്തിന്റെ ഉന്നത മേഖലകളിലും സാമൂഹ്യ രാഷ്ട്രീയ സാമുദായിക തലങ്ങളിലും എത്തിപ്പെട്ട പ്രമുഖർ ഈ ജ്ഞാനഗേഹത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്. പാവപ്പെട്ട മത്സ്യത്തൊഴിലാളികളും കയർ തൊഴിലാളികളും താമസിക്കുന്ന തീരദേശ ഗ്രാമമായ തൃക്കുന്നപ്പുഴയുടെ ആശാകേന്ദ്രമാണ് ഈ സ്കൂൾ. പൂർവ്വ വിദ്യാർത്ഥികളിൽ പലരുടെയും നിർലോഭമായ സഹായസഹകരണങ്ങൾ കൊണ്ടാണ് സ്കൂൾ ഇന്നത്തെ നിലയ്ക്ക് ഉയർന്നിട്ടുള്ളത് എന്ന കാര്യം ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു.

1912 ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിൽ പ്രീ പ്രൈമറി മുതൽ അഞ്ചാം ക്ലാസ് വരെയാണ് ഉള്ളത്. ഒരുകാലത്ത് ഓരോ ക്ലാസും അഞ്ചും ആറും ഡിവിഷൻ ഉണ്ടായിരുന്നത് കുറഞ്ഞ് ഒരു ഡിവിഷൻ വരെ ആയി മാറിയിരുന്നു. എന്നാൽ എസ്.എം.സി യുടെ ശക്തമായ ഇടപെടൽ മൂലം സ്കൂൾ പുരോഗതിയിലേക്ക് കുതിക്കുകയും 2013-14 അധ്യയന വർഷം സബ്ജില്ല-ജില്ലാതല ബെസ്റ്റ് പി.ടി.എ അവാർഡും സംസ്ഥാനത്ത് അഞ്ചാം സ്ഥാനവും നേടി മികച്ച വിദ്യാലയമായി മാറി. പൂർവ്വ വിദ്യാർത്ഥികൾ, എസ്.എം.സി, അധ്യാപക അനധ്യാപകർ, നല്ലവരായ നാട്ടുകാർ എല്ലാവരും ഈ സ്കൂളിന്റെ അനുദിന വളർച്ചയിൽ പങ്കാളികളാകുന്നു.

ഏറ്റെടുക്കുന്ന മുഴുവൻ പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും പൂർണ്ണ സഹകരണത്തോടെ നടത്താൻ എസ്.എം.സിക്ക് കഴിയുന്നുണ്ട്.

മാതൃഭാഷ മാത്രം അധ്യയന മാധ്യമം ആയിട്ടുള്ള വിദ്യാലയം ആയതിനാൽ ഇംഗ്ലീഷിന് പ്രത്യേകം പ്രാധാന്യം നൽകുവാനും കമ്പ്യൂട്ടർ,ഹിന്ദി എന്നിവയുടെ പഠനം പരിപോഷിപ്പിക്കുവാനും കലാകായിക പ്രവർത്തനങ്ങളുടെ നിലവാരം മെച്ചപ്പെടുത്താനും എസ്.എം.സി പ്രത്യേകം അധ്യാപകരെ നിയമിച്ചിട്ടുണ്ട്. എസ്.എം.സിയുടെ നേതൃത്വത്തിൽ 2013 മുതൽ പ്രീ പ്രൈമറി വിഭാഗം പ്രവർത്തിച്ചുവരുന്നു. ഗവൺമെന്റിന്റെ അംഗീകാരം കൂടി പ്രീ പ്രൈമറിയ്ക്ക് ലഭിച്ചാൽ കൂടുതൽ മെച്ചപ്പെടുത്താനാകും.ഔഷധ സസ്യ ഉദ്യാനം, ബയോഗ്യാസ് പ്ലാന്റ്, കിഡ്സ് പാർക്ക്, R.O പ്ലാന്റ്, ഓപ്പൺ ഓഡിറ്റോറിയം, ലൈബ്രറി തുടങ്ങി പ്രൈമറി വിദ്യാലയത്തിന് അനിവാര്യമായ കാര്യങ്ങൾ ഒരുമിച്ച് കൂട്ടിക്കൊണ്ട് ഈ വിദ്യാലയം മുന്നോട്ട് ഗമിക്കുകയാണ്.

# അവസ്ഥ വിശകലനം

ഈ കഴിഞ്ഞ അധ്യയന വർഷം ഒന്നു മുതൽ അഞ്ചുവരെ ക്ലാസുകളിൽ ആയി 284 കുട്ടികൾ ഉണ്ടായിരുന്നു. കൂടാതെ പ്രീ പ്രൈമറിയിൽ 101 കുട്ടികൾ ഉണ്ടായിരുന്നു.ഈ വർഷത്തെ അഡ്മിഷൻ 300 ന് അടുത്ത് തുടർന്നുകൊണ്ടേയിരിക്കുന്നു. കഴിഞ്ഞ കുറച്ചു വർഷക്കാലങ്ങളിലെ കുട്ടികളുടെ എണ്ണം താഴെ കാണിക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം |
|---|---|
| 2018-19 | 267 |
| 2019-20 | 246 |
| 2020-21 | 262 |
| 2021-22 | 287 |
| 2022-23 | 295 |
| 2023-24 | 284 |
| 2024-25 | 298 |

## കെട്ടിടങ്ങൾ

ആദ്യകാലത്ത് ഉണ്ടായിരുന്ന കെട്ടിടങ്ങൾ മേജർ റിപ്പയർ ചെയ്യുകയും പുതുക്കിപ്പണിയും ചെയ്തിട്ടുണ്ട്. പൂർവ്വ വിദ്യാർത്ഥിയും വ്യവസായിയുമായ ബഹുമാനപ്പെട്ട ടി.എസ് കലാധരൻ അവർകൾ നല്ലൊരു കിഡ്സ് പാർക്കും വിശാലമായ ലൈബ്രറിയും നിർമ്മിച്ചു തന്നിട്ടുണ്ട്. മാത്രമല്ല സ്കൂളിലെ മുഴുവൻ പ്രവർത്തനങ്ങളിലും അദ്ദേഹം വിലമതിക്കാനാവാത്ത സേവനങ്ങൾ നൽകിവരുന്നു.എല്ലാ ക്ലാസ് മുറികളും ടൈൽ പാകിയതും ഇലക്ട്രിക് സംവിധാനങ്ങൾ ഉള്ളതും ആണ്.മാലിന്യ സംസ്കരണത്തിന് ബയോഗ്യാസ് പ്ലാന്റും, കുടിവെള്ളത്തിനായി R.O പ്ലാന്റും ഉണ്ട്.

തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച സ്റ്റേജ്, അസംബ്ലി ഹാൾ എന്നിവയുണ്ട്. സ്കൂളിന്റെ പ്രധാന കവാടം മുതൽ സ്റ്റേജ് വരെ നിളുന്ന ഭാഗം തറയോട് പാകി മനോഹരം ആക്കിയിട്ടുണ്ട്. തീരദേശ വികസന കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിന് മുകൾ നിലയിൽ പുതുതായി 3 ക്ലാസ് മുറികൾ സജ്ജീകരിച്ചിരിക്കുന്നു. ഈ ക്ലാസുകൾക്ക് ആവശ്യമായ ബാത്റൂം സൗകര്യം ലഭ്യമാകേണ്ടതുണ്ട്. സ്കൂളിലെ മുഴുവൻ കുട്ടികൾക്കും

ഒരുമിച്ചിരിക്കാൻ പറ്റിയ ഒരു ഡൈനിങ് ഹാൾ ഇനിയും ലഭ്യമായിട്ടില്ല. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വിദ്യാലയ നവീകരണത്തിന് അനുവദിച്ച രണ്ടുകോടി രൂപയുടെ പ്രോജക്ടിന് നടപടികൾ നടന്നു വരുന്നു. ഈ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് എസ്.എം.സി.യുടെ ഇടപെടൽ സ്തുത്യർഹമാണ്. എല്ലാ ക്ലാസും സ്മാർട്ട് ഹൈടെക് ആക്കേണ്ടതുണ്ട്. അതിനാവശ്യമായ കൂടുതൽ പരിശീലനം അധ്യാപകർക്ക് ലഭ്യമാക്കേണ്ടതുണ്ട്. ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. പ്രധാനമായും അടിയന്തരമായി ബാത്റൂം സൗകര്യങ്ങൾ വിപുലപ്പെടുത്തണം. മികച്ച ജൈവ പച്ചക്കറി കൃഷി നിലനിർത്തുന്നതിനും വിശാലമായ ഗ്രൗണ്ട് ഒരുക്കുന്നതിനും സ്ഥലപരിമിതിയുണ്ട്. അതിനും പരിഹാരം കാണണം. ജനപ്രതിനിധികൾ,നല്ലവരായ നാട്ടുകാർ, വിദ്യാർത്ഥികൾ,എസ്.എം.സി, വിദ്യാഭ്യാസ പ്രവർത്തകർ എന്നിവരുടെ സഹായത്തോടെ മികച്ച വിദ്യാലയമാക്കാനുള്ള അശ്രാന്ത പരിശ്രമത്തിലാണ് സ്കൂൾ അധികൃതർ.

### ആഴ്ചയിൽ ഒരു ഭാഷ അസംബ്ലി

ക്ലാസ് ടീച്ചർമാരുടെ നേതൃത്വത്തിൽ വളരെ ഭംഗിയായി നടന്നുവരുന്ന പരിപാടിയാണ് ആഴ്ചയിലൊരു ഭാഷ അസംബ്ലി. മലയാളം, ഇംഗ്ലീഷ്,ഹിന്ദി,അറബി ഭാഷയിൽ അസംബ്ലികൾ സംഘടിപ്പിക്കുകയും അതുവഴി കുട്ടികൾക്ക് ആ ഭാഷയിൽ പരിജ്ഞാനം ഉറപ്പാക്കുകയാണ് ഉദ്ദേശം. ഓരോ ഭാഷയിലെയും കവിതകളും ഈരടികളും ഒക്കെ പരിചയപ്പെടുത്തുകയും ചെയ്യുന്നു

### പഠനോത്സവങ്ങൾ

അക്കാദമിക വർഷത്തിൽ കുട്ടി നേടിയ ക്ലാസ് അനുഭവങ്ങൾ സമൂഹത്തിലേക്ക് എത്തിക്കുവാൻ നടത്തുന്ന പഠനോത്സവങ്ങൾ എസ്.ആർ. ജി. നിർദേശമനുസരിച്ച് ക്ലാസ് സ്ഥലത്തിനും അതിൽ നിന്ന് മികച്ചവ സ്കൂൾതലത്തിലും തുടർന്ന് പൊതുവേദിയിലും നടത്തി. പൊതു വേദിയിൽ രണ്ടിടങ്ങളിലായി നടത്തിയ പഠനോത്സവങ്ങൾ കുട്ടികളുടെ അക്കാദമി മികവുകൾ സമൂഹത്തിലേക്ക് എത്തിക്കാൻ സാധിച്ചു.

വളരെയധികം ശ്രദ്ധ ആകർഷിക്കാറുണ്ട്.2023-24 അധ്യയന വർഷത്തിൽ 3 വ്യത്യസ്ത സ്ഥലങ്ങളിൽ മികച്ച പഠനോത്സവങ്ങൾ കാഴ്ചവച്ചു.

## ജൈവ പച്ചക്കറി കൃഷി

സ്കൂളിലെ ജൈവ പച്ചക്കറി കൃഷി എടുത്തു പറയേണ്ടതാണ്. കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കാർഷിക ക്ലബ്ബിന്റെ സഹകരണത്തോടെ ധാരാളം പച്ചക്കറിക്കൃഷി ചെയ്യാനും വിളവെടുത്ത് കുട്ടികൾക്ക് ഉച്ചഭക്ഷണത്തിൽ ഉപയോഗിക്കാനും സാധിച്ചു.

## പുരസ്കാരങ്ങൾ

ഏറ്റവും നല്ല PTA ക്കുള്ള സബ്ജില്ലാ, ജില്ലാ അവാർഡുകൾ,റോട്ടറി ക്ലബ്ബിന്റെ ഹാപ്പി സ്കൂൾ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. സ്കൂളിന്റെ ഭൗതിക അക്കാദമിക നിലവാരം നേരിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പുരസ്കാരങ്ങൾ ലഭിച്ചിട്ടുള്ളത്.

## കാരുണ്യക്കുടുക്ക

വിദ്യാർത്ഥികളിൽ കാരുണ്യ പ്രവർത്തനം ഊട്ടിയുറപ്പിക്കുവാനും സഹജീവികളോടുള്ള സ്നേഹം വർദ്ധിപ്പിക്കാനും ലക്ഷ്യം വെച്ചുകൊണ്ട് കാരുണ്യ കുടുക്ക എന്ന പേരിൽ ഒരു ചാരിറ്റി ബോക്സ് സ്ഥാപിച്ചിട്ടുണ്ട്. ബർത്ത് ഡേ,മറ്റു വിശേഷ ദിവസങ്ങളിൽ പാഴ്ചിലവുകൾ നടത്താതെ കഴിയുന്ന രൂപത്തിൽ വിദ്യാർത്ഥികളും അധ്യാപകരും നിക്ഷേപിക്കുന്ന തുക സ്കൂൾ വിദ്യാർത്ഥികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും രോഗചികിത്സക്കും മറ്റുമായി ഉപയോഗിച്ചുവരുന്നു. ഈ തുകയിൽ നിന്നും ഒരു ഭാഗം ആയാപറമ്പ് ഗാന്ധിഭവനിലെ നിരാലംബരായ വയോധികർക്ക് വേണ്ടിയും മാറ്റിവെക്കാറുണ്ട്

## രക്ഷാകർതൃ കൂട്ടായ്മ

വളരെ ഭംഗിയായി നിസ്വാർത്ഥതയോടെ പ്രവർത്തിക്കുന്ന ഒരു SMC, MPTA ആണ് സ്കൂളിലുള്ളത്. സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ വേണ്ടത് എന്താണെന്ന് അറിഞ്ഞു ചെയ്യാൻ സന്മനസ്സുള്ള ഒരു രക്ഷാകർതൃ കൂട്ടായ്മ സ്കൂളിന്റെ ഭാഗമാണ്. അവരുടെ ആത്മാർത്ഥ പരിശ്രമം കൊണ്ടാണ് സ്കൂൾ ഇന്ന് കാണുന്ന പ്രൗഢിയിൽ നിലനിൽക്കുന്നത്.

## Talking Titans

2024- 25 അധ്യയന വർഷത്തിൽ സ്കൂൾ ഏറ്റെടുത്ത പരിപാടിയായിരുന്നു Talking Skills. അധ്യാപകരുടെയും കുട്ടികളുടെയും Speaking Skills വർധിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

### മേളകൾ

2024-25 അധ്യയന വർഷത്തിൽ കലാകായിക സാഹിത്യ പ്രവർത്തി പരിചയമേളകളിൽ പങ്കെടുത്ത് ഉന്നത വിജയം കരസ്ഥമാക്കാൻ നമ്മുടെ സ്കൂളിന് കഴിഞ്ഞു. അറബി കലോത്സവത്തിൽ ഉപജില്ലയിൽ രണ്ടാം സ്ഥാനത്ത് എത്താൻ സാധിച്ചതും സ്കൂളിന്റെ അഭിമാനാർഹമായ നേട്ടമാണ്. സംഘനൃത്തത്തിൽ UP തലത്തിൽ ഒന്നാം സ്ഥാനവും ജില്ലാതലത്തിൽ A grade ഉം നേടാൻ നമുക്ക് സാധിച്ചു.



Percussionist

# നേടിയെടുക്കേണ്ട/നടപ്പിലാക്കേണ്ട കാര്യങ്ങൾ

- എല്ലാ ക്ലാസിലും ഡിജിറ്റൽ ബോർഡ്
- ശിതികരിച്ച കമ്പ്യൂട്ടറിൽ ലാബ്.
- വിശാലമായ അസംബ്ലി-ഡൈനിങ് ഹാൾ.
- കലാകായിക പ്രവർത്തിപരിചയ വിഷയങ്ങൾക്ക് പ്രത്യേക പാക്കേജ്
- സുസജ്ജമായ ലാബ്
- സ്കൂൾ മുറ്റത്തെ ഉദ്യാനം
- കുട്ടികൾക്ക് കളിക്കാൻ സജ്ജമായ ഗ്രൗണ്ട്
- സ്കൂളിന് സ്വന്തമായി ഒരു ബ്ലോഗ്
- ഭാഷാ വിനിമയെ ശേഷിയ്ക്ക് പ്രത്യേക കോച്ചിംഗ്
- സ്കൂൾ വിവരങ്ങൾ വിരൽത്തുമ്പിൽ സജ്ജീകരിക്കുന്ന സോഫ്റ്റ്‌വെയർ
- അധ്യാപന ചർച്ചയ്ക്കുതകുന്ന വിധമുള്ള സ്റ്റാഫ് റൂം
- പ്രി പ്രൈമറിആകർഷകമാക്കാൻ 'അമേസിങ് പാർക്ക്'
- ആഴ്ചയിൽ എല്ലാ ദിവസവുമുള്ള പ്രഭാതഭക്ഷണം
- ഉച്ചഭക്ഷണം കാര്യക്ഷമമാക്കൽ
- സ്കൂൾ വാഹന സംവിധാനം സുതാര്യമാക്കൽ
- രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ സാക്ഷരത
- പൂർവ വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യം
- ലഹരി വിരുദ്ധ കൂട്ടായ്മ
- പ്രി-പ്രൈമറി ഗവൺമെന്റിന്റെ അനുമതി നേടിയെടുക്കൽ
- പ്രി പ്രൈമറി,പിടിഎ അധ്യാപകർക്കും ആയമാർക്കും വെക്കേഷൻ അലവൻസ്
- നവീകരിച്ച പ്രി-പ്രൈമറി ക്ലാസ്സ് റൂമുകൾ
- ശിതികരിച്ച ക്ലാസ്സ് റൂമുകൾ

# നേട്ടങ്ങൾ

## അക്കാദമികം

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ സബ് ജില്ലയിൽ തീരദേശ മേഖലയിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയങ്ങളിൽ ഒന്നായ തൃക്കുന്നപ്പുഴ ഗവൺമെന്റ് എൽ.പി. സ്കൂളിൽ ഓരോ വർഷം കുട്ടികളുടെ എണ്ണത്തിൽ കൃത്യമായ വർദ്ധനവ് ഉണ്ടാകുന്നു എന്ന നേട്ടം കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നു.

അമ്പലപ്പുഴ സബ് ജില്ലയിൽ 60 കുട്ടികൾ LSS നേടിയവരിൽ 6 കുട്ടികൾ ഈ സ്കൂളിൽ നിന്നുള്ളവരാണെന്ന് അഭിമാനകരമായ നേട്ടമാണ്. ഭാഷാ പിന്നോക്കാവസ്ഥ പരിഹരിക്കാനായി ഉപജില്ലയിലെ സ്കൂളുകളിൽ നടപ്പിലാക്കിയ കുട്ടി ടീച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി 4, 5 ക്ലാസിലെ ഹിന്ദി,മലയാളം ഭാഷയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കൈപിടിച്ചുയർത്താൻ കഴിഞ്ഞു എന്നത് സ്തുത്യർഹമാണ്.

രാഷ്ട്രഭാഷയായ ഹിന്ദി ചെറിയ ക്ലാസിൽ തന്നെ പരിചയപ്പെടുത്താനായി ഒന്നാം ക്ലാസ് മുതലുള്ള കുട്ടികൾക്ക് ഹിന്ദി ഭാഷ പരിശീലനം നൽകി വരുന്നു. വിവരസാങ്കേതികവിദ്യയിൽ കുട്ടികളെ നിപുണരാക്കാനായി പ്രത്യേകം കമ്പ്യൂട്ടർ പരിശീലനം നൽകി വരുന്നു. ഗണിതശേഷി വർദ്ധിപ്പിക്കാനും ശാസ്ത്ര നിരീക്ഷണങ്ങളിലൂടെ ഓരോ കുട്ടിക്കും തന്റെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ നൽകുവാൻ കഴിഞ്ഞു.

E3, വർക്ഷോപ്പുകൾ ഇംഗ്ലീഷ് അസംബ്ലി,ക്ലാസ് റൂം ഇൻടക്ഷൻ തുടങ്ങിയ പരിപാടികളിലൂടെ ഇംഗ്ലീഷ് ഭാഷാപ്രയോഗവും പഠനവും മെച്ചപ്പെടുത്താൻ കഴിഞ്ഞു. 2023-24 അധ്യായന വർഷത്തിൽ സ്കൂൾ ഏറ്റെടുത്ത തനത് പ്രവർത്തനമായ 'കുഞ്ഞെഴുത്തും കൂട്ടെഴുത്തും' എന്ന എഴുത്തിനും വായനക്കും പ്രാധാന്യം നൽകുന്ന പരിപാടി അതിന്റെ മികച്ച രൂപത്തിൽ നടപ്പിലാക്കാൻ സാധിച്ചുവെന്നത് ഈ അക്കാദമി വർഷത്തെ പ്രവർത്തനങ്ങളെ പൂർണ്ണതയിൽ എത്തിക്കുന്നു.

## ഭൗതികം

സ്കൂളിലെ കുട്ടികളുടെ വർദ്ധനവിന് അനുസരിച്ച് മൂന്ന് ക്ലാസ്റൂമുകൾ അധികമായി ഉണ്ടാവുകയും എല്ലാ ക്ലാസ്മുറികളും ഫാൻ,ലൈറ്റ് സംവിധാനങ്ങൾ

സജ്ജീകരിക്കുകയും ചെയ്തു. പ്രൈമറി മുതൽ അഞ്ചാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികൾക്കും ആഴ്ചയിൽ ഒരു ദിവസം പ്രഭാത ഭക്ഷണം നൽകിവരുന്നു. നവീകരിച്ച കിച്ചൻ, RO പ്ലാന്റ്, മികച്ച രണ്ട് സ്റ്റോർ റൂമുകൾ, റാംപ് & റെയിൽ സംവിധാനം ഉൾപ്പെടുത്തിയ ബാത്റൂമുകളും സ്കൂൾ കെട്ടിടങ്ങളും, വൈദ്യുതീകരിച്ച സ്കൂൾ ഓഡിറ്റോറിയം, ഓഫീസിലെ ഇൻവർട്ടർ സംവിധാനം, നവീകരിച്ച കിഡ്സ് പാർക്ക്,ചുറ്റുമതിൽ നവീകരണം ഇവയൊക്കെ സ്കൂളിന്റെ ഭൗതിക നിലവാരം ഉയർത്തുന്ന ഘടകങ്ങളാണ്.

## സാമൂഹികം

അക്കാദമി വർഷത്തിന്റെ തുടക്കം മുതൽ ഒടുക്കം വരെ സ്കൂളിന്റെ അക്കാദമിക, ഭൗതിക പ്രവർത്തനങ്ങളിലെ SMC, MPTA സജീവപങ്കാളിത്തം, രക്ഷാകർതൃ പങ്കാളിത്തം കൊണ്ട് സമ്പുഷ്ടമായ ശില്പശാലകൾ, ബോധവൽക്കരണ ക്ലാസുകൾ, ദിനാചരണങ്ങൾ,വർക്ക്ഷോപ്പുകൾ, പഠനോത്സവവേദികൾ, കലാകായിക പ്രവർത്തനങ്ങൾ ഇവയൊക്കെ സ്കൂളിന്റെ സാമൂഹികബന്ധം ഊട്ടിയുറപ്പിക്കുന്നതായിരുന്നു. 'കരുതാംആലപ്പുഴയെ 'എന്ന പ്രവർത്തനത്തിലൂടെ 5 അതിദരിദ്ര കുടുംബങ്ങളെ സ്കൂൾ ഏറ്റെടുക്കുകയും ആ പദ്ധതിയിൽ സ്കൂളിലെ ഓരോ കുട്ടിയുടെയും കുടുംബവും പങ്കാളിയാവുകയും ചെയ്തു. സ്കൂളിന്റെ സാമൂഹികബന്ധം ഊഷ്മളമാക്കി സന്നദ്ധ സംഘടനകളുടെയും പൂർവവിദ്യാർത്ഥികളുടെയും സഹായസഹകരണം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. നവമാധ്യങ്ങളായ facebook,യൂട്യൂബ്, വാട്സ്ആപ്,സ്കൂൾ വിക്കി വഴിയൊക്കെ സ്കൂൾ നിരന്തരം സമൂഹവുമായി ബന്ധപ്പെട്ട കൊണ്ടിരിക്കുന്നു.

# പ്രശ്നങ്ങൾ വെല്ലുവിളികൾ

| പ്രശ്നങ്ങൾ | പരിഹാരം | പദ്ധതി പ്രവർത്തനങ്ങൾ |
|---|---|---|
| **അക്കാദമികം**<br><br>1.ഭാഷാപരമായ പിന്നോക്കാവസ്ഥ ( ഇംഗ്ലീഷ് )<br>2.വായനാ പോഷണം<br>3.ലേഖന പോഷണം<br>4.ഇംഗ്ലീഷ്, ഹിന്ദി, അറബി വായന പോഷണം<br>5.ഗണിത പിന്നോക്കാവസ്ഥ<br>6.ശാസ്ത്രം<br>7. കായിക പരിശീലനം<br>8.പ്രവൃത്തി പരിചയ പരിശീലനം<br>9.കലാ പരിശീലനം<br>10.പഠനയാത്രകൾ<br>11.ലാബ്<br>12.കൗൺസിലിംഗ്<br>13.മെഡിക്കൽ ക്യാമ്പ്<br>14.ഉൾച്ചേർന്ന വിദ്യാഭ്യാസത്തിനുള്ള പഠനോപകരണങ്ങളുടെ അഭാവം | പ്രാഥമിക നിലനിർണയം<br>പ്രവർത്തന പാക്കേജ്<br>പ്രത്യേക അധ്യാപക നിയമനം<br>SMC ഏറ്റെടുക്കൽ<br>BRC ഇടപെടൽ | അക്ഷരമുറപ്പിക്കൽ<br>വായന കാർഡ്<br>കഥാപൂരണം<br>വായനക്കൂട്ടം, ക്ലാസ് ലൈബ്രറി<br>അമ്മവായന<br>അഭിമുഖം<br>പതിപ്പ് പ്രകാശനം<br>സ്കൂൾ പത്രം<br>നിരീക്ഷണം /പരീക്ഷണ പുസ്തകം<br>പരിശീലനം<br>ആരോഗ്യ പരിപാലനം<br>മെഡിക്കൽ ക്ലാസ് |
| **ഭൗതികം**<br><br>1.അഡീഷണൽ ക്ലാസ് മുറികൾ<br>2.ശിശു സൗഹൃദ ഫർണിച്ചറുകൾ<br>3.കളി ഉപകരണങ്ങൾ<br>4.ഡൈനിങ് ഹാൾ<br>5.കമ്പ്യൂട്ടർ സൗകര്യമുള്ള ഹൈടെക് ക്ലാസ് മുറികൾ<br>6.അധ്യാപകർക്കായുള്ള ശബ്ദ സംവിധാനം<br>7.ലാബ് സൗകര്യങ്ങൾ<br>8.സംഗീത ഉപകരണങ്ങൾ | SSA/MP/MLA<br>LSGD<br>LSGD<br>MP/MLA<br>MLA<br>LSGD/SMC<br>സ്പോൺസർഷിപ്<br>സ്പോൺസർഷിപ് | നിർമ്മാണ പ്രവർത്തനം<br>സാമഗ്രികൾ വാങ്ങൽ<br>സാമഗ്രികൾ വാങ്ങൽ<br>നിർമ്മാണം<br>നിർമ്മാണ പ്രവർത്തനങ്ങൾ<br>നിർമ്മാണ പ്രവർത്തനങ്ങൾ<br>സാമഗ്രികൾ വാങ്ങൽ<br>സാമഗ്രികൾ വാങ്ങൽ |

| | | |
|---|---|---|
| 9.ജൈവവൈവിധ്യ പാർക്ക്<br>10.ഗേൾസ് ഫ്രണ്ട്ലി,അഡാപ്റ്റർ ടോയ്ലറ്റുകൾ<br>11.ഇൻസുലേറ്റർ<br>12.ചുറ്റമതിൽ ആകർഷകമാക്കൽ<br>13.കുടിവെള്ള വിതരണവും ഡ്രെയിനേജും<br>14.പ്രീ -പ്രൈമറി നവീകരണം | | നിർമ്മാണ പ്രവർത്തനം |
| <u>സാമൂഹികം</u><br><br>1. നമ്മുടെ സ്കൂളിൽ വിദ്യാലയ പരിധിയിലുള്ള എല്ലാ കുട്ടികളും എത്തുന്നതിനുള്ള കുറവ് | ബോധവൽക്കരണം | |
| 2.പഠന പിന്തുണ നൽകാൻ കഴിയാത്ത അവസ്ഥ | ബോധവൽക്കരണം | ഫീൽഡ് സർവ്വേ |
| 3. റിസോഴ്സ് മാപ്പിംഗ് | SMC/SRG/SSA ഇടപെടൽ | പരിശീലനം |
| 4.വിദ്യാലയ പ്രവർത്തനങ്ങളുടെ പങ്കാളിത്തം | | ബോധവൽക്കരണം |
| 5.പൂർവ വിദ്യാർത്ഥി സംഘടന പ്രവർത്തനം കാര്യക്ഷമമാക്കൽ | | കൃത്യമായ ഇടവേളകളിലുള്ള കൂടിച്ചേരലുകൾ |



Percussionist

# മുന്നൊരുക്കങ്ങൾ-STD 1

വ്യത്യസ്ത സാമൂഹ്യ സാഹചര്യത്തിൽ നിന്നും വരുന്ന കുട്ടികളെ ഒന്നിപ്പിച്ച് അവരുടെ ശാരീരികവും മാനസികവുമായ കഴിവുകളെ പരിപോഷിപ്പിച്ച് ടീച്ചറും കുട്ടിയും തമ്മിൽ ശക്തമായ സൗഹൃദം സ്ഥാപിക്കത്തക്ക തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഒന്നാം ക്ലാസിൽ ഒരുക്കിയിരിക്കുന്നത്.പേശിവികാസം, ഭാഷാപരമായവികാസം, വൈജ്ഞാനികവികാസം സാമൂഹിക കഴിവുകളുടെ വികാസം,സർഗാത്മക കഴിവുകളുടെ വികാസം എന്നിവയുള്ളുകുന്ന

നിർമ്മാണ പ്രവർത്തനങ്ങൾ
വിവിധതരം കളികൾ
ചിത്രംവര
നിറം നൽകൽ
പാട്ട്
കഥകൾ
അഭിനയം
ലഘുപരീക്ഷണങ്ങൾ
അനുഭവങ്ങൾ പങ്കിടൽ
വലത് /ചെറുത് കണ്ടെത്തൽ
വഴി കണ്ടെത്തൽ
താളം
രൂപങ്ങൾ തിരിച്ചറിയൽ
തരംതിരിക്കൽ

തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങൾ .കുട്ടികളുടെ കഴിവുകൾ കണ്ടറിഞ്ഞ് കഴിവുകളെ പരിപോഷിപ്പിച്ച് വേണ്ട പിന്തുണ നൽകാൻ ഇതിലൂടെ കഴിയണം.

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി പ്രവർത്തനങ്ങൾ

| പഠന ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ മൂല്യബോധം വളർത്തി അവരെ നല്ല പൗരന്മാരാക്കി മാറ്റുക | • പൊതുകാര്യങ്ങൾ | ജൂൺ 3 | SRG,Class Tr | PTA,Teachers grant |
| | • സുരക്ഷിതയാത്ര | ജൂൺ 4 | " | " |
| | • വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം | ജൂൺ 5 | " | " |
| | • ആരോഗ്യം ,വ്യായാമം, കായികക്ഷമത | ജൂൺ 9 | " | " |
| | • ഡിജിറ്റൽ അച്ചടക്കം | ജൂൺ 10 | " | " |
| | • പൊതുമുതൽ സംരക്ഷണം | ജൂൺ 11 | " | " |
| | • പരസ്പര സഹകരണത്തിന്റെ പ്രാധാന്യം | ജൂൺ 12 | " | " |
| | • പൊതു ക്രോഡീകരണം | ജൂൺ 13 | | |
| | • തുടർപ്രവർത്തനങ്ങൾ | ജൂൺ 16 മുതൽ മാർച്ച് വരെ | " | " |
| | | | " | |

Parcussionist

| | | | | | |
|---|---|---|---|---|---|
| 3 | ലേഖന പോഷണം | വായനക്കുറിപ്പ് പതിപ്പ്, സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ്, ക്ലാസ് മാഗസിൻ,സ്കൂൾ മാഗസിൻ, ചുമർപത്രിക, കഥാ-കവിതാ പതിപ്പുകൾ,സ്കൂൾപത്രം,സ്കൂൾ കലണ്ടർ, വർക്ക് ഷീറ്റുകൾ,രചനാപരിചയക്കുറിപ്പ് രചനാബുക്ക്,നാട്ടുവിശേഷം കൂട്ടെഴുത്,ത് സർഗാത്മക ഡയറി | ഒരു അധ്യയന വർഷക്കാലം | SRG കൺവീനർ ക്ലാസ് ടീച്ചർ | SMC, SSA, സ്പോൺസർ |
| 4 | സർഗ്ഗശേഷി വികസനം | കാവ്യോത്സവം,കാവ്യാവിഷ്കാരം, സർഗാത്മക ഡയറി, റിഡേഴ്സ് തീയേറ്റർ, സാങ്കല്പിക ഡയറി,പാട്ടരങ്ങ്,കഥയരങ്ങ് | ഒരു അധ്യയന വർഷക്കാലം | SRG കൺവീനർ ക്ലാസ് ടീച്ചർ | |
| 5 | കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ വിക്കി,ഫേസ്ബുക്ക് വാട്സ്ആപ്പ്,ബ്ലോഗ് യൂട്യൂബ് വഴി സമൂഹത്തിലേക്ക് എത്തിക്കുക. | പ്രതിമാസക്കാലം | ക്ലാസ് ടീച്ചർ IT കോർഡിനേറ്റർ | |

**മേഖല : അക്കാദമികം**

**ഉപമേഖല :ഇംഗ്ലീഷ്**

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കുവാനും സംസാരിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ | പ്രീ ടെസ്റ്റ് പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കൽ ,ലളിതമായ ഇംഗ്ലീഷ് പുസ്തക ലൈബ്രറി, picture stories, story books, rhymes word of the day ,reading cards, rollplay ,display board,ചുമർപത്രം ,മത്സരങ്ങൾ ,പദനിർമ്മാണം പദപ്രശ്നം , colouring ,Thought for a day, English assembly, memory test, English fest , English camp,പദപ്രശ്നം,അഭിമുഖം, സ്കൂളിലെ പ്രവർത്തനങ്ങൾ ഇംഗ്ലീഷ് അസംബ്ലിയിൽ അവതരിപ്പിക്കൽ,ഇംഗ്ലീഷ് പത്രം, ഇംഗ്ലീഷ് വീഡിയോ പ്രദർശനം ,പാഠഭാഗം നാടകമാക്കൽ,ഉച്ചാരണത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഇംഗ്ലീഷ് ക്ലാസ് ,ഇംഗ്ലീഷ് ഡയറി എഴുത്ത്. | ടേം ഒന്ന് അധ്യയന വർഷം | SRG, English teacher | Staff fund |
| 2 | ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക ശേഷി വികസിപ്പിക്കൽ | Speech bubble, readers theatre ,story,കവിത രചന , പാഠഭാഗങ്ങളെ വ്യത്യസ്ത വ്യവഹാര വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയവതരണം. Skit, നാടകം , സംഭാഷണം | അധ്യയന വർഷം | SRG | Nil |

| | | | | | |
|---|---|---|---|---|---|
| 3 | കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് എത്തിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ,എഫ്ബി ,വാട്സ്ആപ് വഴി രക്ഷിതാക്കളിലേക്കും സമൂഹത്തിലേക്കും എത്തിക്കൽ | അധ്യയന വർഷം | SRG | Nil |

**മേഖല : അക്കാദമികം**

**ഉപമേഖല : ഗണിതം**

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും സംഖ്യാബോധം , ഗണിതത്തിലെ ചതുഷ്ക്രിയകൾ , പ്രശ്ന നിർദ്ധാരണം എന്നിവയിൽ ശേഷി വികസിപ്പിക്കൽ . | പ്രീ ടെസ്റ്റ് സംഖ്യാചിത്രങ്ങൾ തയ്യാറാക്കൽ ,പാറ്റേണുകൾ കണ്ടെത്തൽ,അബാക്കസ് പ്രയോജനപ്പെടുത്തൽ, ഗണിതമേള , മാന്ത്രിക ചതുരങ്ങൾ, ഗണിത കേളികൾ ,പതിപ്പുകൾ , ഗണിതലാബ്, ഗണിത കിറ്റ്, ഐ.സി.റ്റി സാധ്യത ഉൾപ്പെടുത്തൽ, പ്രകൃതി ഗണിതം,വ്യവഹാര രൂപങ്ങളിലൂടെ ഗണിതം, സമയം സൂചിപ്പിച്ച് ക്ഷണക്കത്ത് ,വർക്ക്ഷീറ്റ് പ്രയോജനപ്പെടുത്തൽ,ക്ലാസ് , ഗണിതപ്പെട്ടി ,ഗണിത ബാലസഭ, ഗണിത അസംബ്ലി, ഗണിത പാർക്ക് , ഗണിത ക്യാമ്പ്, ക്ലാസ് പി.ടി.എ , മെട്രിക് മേള. | അധ്യയന വർഷം | SRG, ഗണിതം ടീച്ചർ, ഗണിത ക്ലബ് കൺവീനർ | 20000/- (SMC) |



Percussionist

## മേഖല : അക്കാദമികം

## ഉപമേഖല : ശാസ്ത്രം / സാമൂഹ്യ ശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പ്രക്രിയാശേഷി വികസിപ്പിക്കുക.<br><br>ശാസ്ത്രബോധം വളർത്തുക. | ലാബ് തയ്യാറാക്കൽ പരീക്ഷണങ്ങൾ ചെയ്യിക്കൽ,പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ ,ശാസ്ത്ര ക്വിസ്,ദിനാചരണങ്ങൾ, സീറോ കോസ്റ്റ് പരീക്ഷണ സാമഗ്രികൾ സംഘടിപ്പിക്കൽ, ശാസ്ത്രജ്ഞന്മാരുടെ ഫോട്ടോ ശേഖരിക്കൽ ,കുറിപ്പ് തയ്യാറാക്കൽ , ശാസ്ത്ര വാർത്തകൾ ,ശാസ്ത്ര പ്രദർശനം , നക്ഷത്ര നിരീക്ഷണം ചോദ്യപ്പെട്ടി, ശേഖരണം ആൽബം അഭിമുഖങ്ങൾ ,അതിഥി ക്ലാസുകൾ ,പഠനയാത്ര , സയൻസ് റൂം തയ്യാറാക്കൽ, സയൻസ് മാജിക് , ശലഭോദ്യാനം, ജൈവവൈവിധ്യ ഉദ്യാനം ,പരിസരപഠന കിറ്റ്, ആശയ ഭൂപടം തയ്യാറാക്കൽ , ICT സാധ്യത ഉപയോഗപ്പെടുത്തൽ. | അധ്യയന വർഷം | സയൻസ് ക്ലബ് കൺവീനർ<br><br>SRG അധ്യാപിക<br><br>ക്ലാസ്ടീച്ചർ | SSA |
| 2 | ജനാധിപത്യ ബോധം വളർത്തൽ | തൊഴിൽ , പ്രവർത്തിപരിചയം, അറ്റ്ലസ്സുകൾ ,ത്രിതല പഞ്ചായത്ത് പരിചയപ്പെടൽ, സ്കൂൾ ഇലക്ഷൻ,പൊതുസ്ഥാപനങ്ങൾ പരിചയപ്പെടൽ. | അധ്യയന വർഷം | സയൻസ് ക്ലബ് കൺവീനർ<br><br>SRG അധ്യാപിക<br><br>ക്ലാസ്ടീച്ചർ | SSA |

**മേഖല : അക്കാദമികം**

**ഉപമേഖല : ഹിന്ദി പഠനം**

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അഞ്ചാംക്ലാസിലെ കുട്ടികൾക്ക് ഹിന്ദി എഴുതുവാനും സംസാരിക്കുവാനും ഉള്ള കഴിവ് ഉണ്ടാക്കുക. | * ചിത്രപ്രദർശനം<br>*ഹിന്ദി പുസ്തകങ്ങൾ വായിക്കുന്നതിനുള്ള അവസരമൊരുക്കൽ<br>*അഭിമുഖങ്ങൾ<br>*ഹിന്ദി അസംബ്ലി<br>*ഹിന്ദി വാർത്ത വായന | 1 വർഷം | SRG , ഹിന്ദി അധ്യാപകർ | SMC 50000 |
| 2 | 1-4 വരെയുള്ള കുട്ടികൾക്ക് ഹിന്ദിയിൽ സാമാന്യബോധം ഉണ്ടാക്കുക. | ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തി ഹിന്ദി പഠനം ലളിതമാക്കുക. | 1 വർഷം | SRG , ഹിന്ദി അധ്യാപകർ | SMC 50000 |

**മേഖല : അക്കാദമികം**

**ഉപമേഖല : അറബിക്**

| | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | അറബിക് മധുരം<br><br>ലക്ഷ്യം :അറബിക് ഭാഷയിൽ പിന്നാക്കംനിൽക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | എഴുത്ത് ,വായന<br><br>.ടെസ്റ്റ് നടത്തി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു<br>. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നൽകിനിറം നൽകിക്കുന്നു.<br>.ഓരോ കുട്ടികൾക്കും ഓരോ ടാബ് വീതം നൽകി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗെയിമുകൾ നൽകുന്നു<br>.അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗെയിമിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു.<br>പ്രത്യേകം തയ്യാറാക്കിയ മോഡ്യൂളിന്റെഅടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് " അറബിക്ക് മധുരം "ക്ലാസ് നൽകുന്നു. | രണ്ടു മാസം | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ<br><br>ടാബ് | BRC<br><br>ഡയറ്റ്<br><br>പൂർവ്വ വിദ്യാർത്ഥികൾ |
| 2 | വായനാലോകം<br><br>ലക്ഷ്യം: കുട്ടിയെ വായനയുടെ ലോകത്തേയ്ക്ക് കൊണ്ടു വരൽ | തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തകശേഖരം (അറബിക് ലൈബ്രറി ) | 6 മാസം | സ്കൂൾ ലൈബ്രറി , ക്ലാസ് ലൈബ്രറി | സമാഹരണം:<br>. അറബിക് അധ്യാപകർ<br>. റിട്ടയർ ചെയ്ത അദ്ധ്യാപകർ |
| | നല്ലവായനക്കാരൻ | പുസ്തകങ്ങൾ | | പുസ്തകങ്ങൾ | നാട്ടിലെ |



Percussionist

| | | | | | |
|---|---|---|---|---|---|
| | ആക്കുക. | . ചിത്രകഥ ( അറബിക്)<br>. കഥ പുസ്തകം (അറബിക്)<br>. കുട്ടിക്കവിതകൾ<br>(അറബിക്)<br>. ചെറിയ വിവരണ<br>ബുക്കുകൾ (അറബിക് )<br>. അറബിക് ക്വിസ്<br>. ഓരോ അറബിക്<br>പീരീഡിലും ആദ്യ അഞ്ച്<br>മിനുട്ടിൽ ഒരാൾ ഒരു<br>ബുക്കിന്റെ ഒരു പേജ്<br>ഉറക്കെ വായിക്കുക.<br>. വായിച്ച ബുക്കുകൾ<br>രേഖപ്പെടുത്തി വയ്ക്കുക.<br>കൂടുതൽ ബുക്കുകൾ വായിച്ച<br>കുട്ടികൾക്ക് സമ്മാനം<br>നൽകുക. | | | അറബി<br>ഭാഷ<br>അധ്യാപക<br>ർ<br>ഭാഷാ<br>സ്നേഹികൾ<br>നാട്ടിലെ<br>അറബി<br>രാജ്യങ്ങളി<br>ൽ ജോലി<br>ചെയ്യുന്നവ<br>ർ<br>. ഓരോ<br>കുട്ടി ഓരോ<br>ബുക്ക്<br>സംഭാവന<br>ചെയ്യൽ<br>.<br>സ്പോൺസ<br>ർഷി<br>പ്പിലൂടെ<br>പണം<br>സമാഹരി<br>ക്കൽ |
| 3 | ആസ്വാദനക്കുറിപ്പ് | 1. ആസ്വാദന സഭ<br>*പാടാനും പറയാനും<br>കഴിയുന്ന മികച്ച<br>പ്രതിഭകളെ കണ്ടെത്തി<br>മറ്റുള്ള കുട്ടികളെ<br>ആസ്വദിപ്പിക്കുവാനും<br>ശ്രവിക്കുവാനുമുള്ള<br>അവസരം സൃഷ്ടിക്കുവാൻ<br>രണ്ടാഴ്ചയിലൊരിക്കൽ<br>ആസ്വാദന സഭ ചേരുക<br>*ഒരിക്കൽ അവതരിപ്പിച്ച<br>വിദ്യാർത്ഥികൾ അടുത്ത<br>സഭയിയിൽ<br>ആസ്വാദകരാവണം.<br>2.കാഴ്ചയും കേൾവിയും<br>നേരത്തെ ഡൗൺലോഡ്<br>ചെയ്തെടുത്ത മികച്ച<br>അറബിക് കഥകളും<br>പാട്ടുകളും ഷോർട്ട് | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ്<br>ലാബ്<br><br>എൽ.സി.ഡി<br>കമ്പ്യൂട്ടർ | |

| | | | | | |
|---|---|---|---|---|---|
| | | ഫിലിമുകളും എൽ.സി.ഡി പ്രൊജക്ടറിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br>ഉദാ: ഖുർ ആൻ കഥകൾ, ഗുണപാഠ കഥകകൾ ആനിമേഷൻ വീഡിയോകൾ, ധാർമിക കഥകൾ, ഡോക്യുമെന്ററികൾ | | | |
| 4 | അനുഭവലോകം (അറബിക് ലാംഗ്വേജ്) | *വിദേശ ഭാഷ പഠനം ഏറ്റവും സാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണ്, അതിനാൽ അറബി ഭാഷാ പഠനത്തിൽ ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.<br>* തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.<br>* ഓരോതരത്തർക്കം (ഓരോ കമ്പ്യൂട്ടർ ) / എൽ.സി.ഡി പ്രൊജക്ടറിന്റെ സഹായത്തോടെ പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ/പാട്ടുകൾ /കഥകൾ/സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കാനും ഉള്ള അവസരം. | 1 മാസം | LCD കമ്പ്യൂട്ടർ.<br><br>ലാംഗ്വേജ് ലാബ് | |
| 5 | പദപരിചയം.<br><br>ലക്ഷ്യം:അറബിക് പദസമ്പത്ത് | ഒരു പദം പരിചയപ്പെടൽ: അറബിക്ക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ | 1 വർഷം | മൈക്ക് . | |

| | | | | | |
|---|---|---|---|---|---|
| | വർദ്ധിപ്പിക്കൽ. | പ്രാർത്ഥനയ്ക്ക് ശേഷം മുതിർന്ന ക്ലാസിലെ ഒരു വിദ്യാർത്ഥി ക്ലാസ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.<br>ക്ലാസ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.<br>പ്രസ്തുത പദം അറബിക് നോട്ടീസ് ബോർഡിൽ പതിക്കുക.<br>എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു.<br>മികച്ച നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നൽകി പ്രോത്സാഹനം നൽകുന്നു. | | | |
| 6 | അറബിക് അസംബ്ലി. | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക.<br>ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക.<br>ചെറിയ അറബിക്കുറിപ്പുകൾ വായിക്കുക.<br>പുസ്തകം പരിചയപ്പെടുത്തൽ.<br>സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ. | 1 വർഷം. | | |
| 7 | അറബിക് ഫെസ്റ്റ്. | അറബിക് ദിനത്തിലോ അല്ലാതെയോ ഒരു ഫുൾ ഡേ അറബിക്ഫെസ്റ്റ് നടത്തുക. | | സ്കൂൾ ഹാൾ. പുസ്തകങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ. |



Percussionist

| | | | | | |
|---|---|---|---|---|---|
| | | കാര്യപരിപാടികൾ:<br>.ഉദ്ഘാടനം.<br><br>.ആദരിക്കൽ (ഇതു വരെ സ്കൂളിൽ നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാനചടങ്ങ്. )<br>.മികച്ച അറബിക് കലാ അവതരണം.<br>.തെരഞ്ഞെടുത്ത അറബിക് കവി / സാഹിത്യകാരൻ / പണ്ഡിതൻ പങ്കെടുപ്പിക്കൽ ആദരിക്കൽ.<br>.തെരഞ്ഞെടുത്ത അറബിക് ഡോക്യുമെൻററി / ആനിമേഷൻ പ്രദർശനം.<br>.അറബിക് എക്സിബിഷൻ (അറബിക് ഭാഷ ചരിത്രം , വികാസം, പ്രാധാന്യം, ഉപരിപഠനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി.) | | സമ്മാനങ്ങൾ. | ഭാഷാ സ്നേഹികൾ<br>.<br>അറബി ഭാഷാ പഠിതാക്കൾ. |
| 8 | സ്കൂൾ വാർഷികം | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം / ചിത്രീകരണം / മോണോ ആക്ട് / വാർത്ത വായന തുടങ്ങിയ ഇനങ്ങൾപ്രാക്ടീസ് നൽകി അവതരിപ്പിക്കൽ. | | സ്കൂൾ കെട്ടിടം. | പൂർവ്വ വിദ്യാർത്ഥികൾ.<br><br>ഭാഷാ സ്നേഹികൾ<br>.<br>അറബിഭാഷ പഠിതാക്കൾ. |
| 10 | നല്ല എഴുത്ത്.<br><br>ലക്ഷ്യം:കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ. | . അറബിഭാഷയുടെ തനതായ സൗന്ദര്യ എഴുത്ത് ( നസ്ഖ് ,റുക ഈ ) എഴുത്തുകളാണ്.<br><br>.ഓരോ കുട്ടികൾക്കും | 1 വർഷം | പുസ്തകങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| | | പ്രത്യേക വർക്ക് ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകൽ.<br><br>.വർഷത്തിലൊരിക്കൽ കയ്യെഴുത്തു മാഗസിൻ തയ്യാറാക്കൽ.<br><br>.ചുമർപത്രിക. | | | |
| 10 | ഡിജിറ്റൽ ലോകം.<br><br>ലക്ഷ്യം:<br>.എല്ലാ കുട്ടികൾക്കും പ്രൈമറിയും പഠനം കഴിയും മുമ്പ് അറബിക് കീബോർഡ് പഠിക്കൽ<br><br>.പവർ പോയിൻറ് പരിചയപ്പെടൽ. | ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ പരിജ്ഞാനം അനിവാര്യമായതിനാൽ പ്രൈമറി ക്ലാസുകളിൽ നിന്ന്തന്നെ കുട്ടികൾ കീബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കുകൾ ടൈപ്പ് ചെയ്യാൻ കഴിവ് നേടുകയും ചെയ്യണം.<br><br>.ആഴ്ചയിൽ ഒരു സമയത്ത് കുട്ടികൾക്ക് ടൈപ്പിംഗ് പഠിക്കാൻ അവസരം ഉണ്ടാക്കുക.<br><br>.ഫോട്ടോകളും ടൈപ്പ് ചെയ്ത വാക്കുകളും ചേർത്ത് ചെറിയ ചെറിയ പി.പി.ടികൾ ഉണ്ടാക്കാൻ പരിചയപ്പെടുത്തുക. | 1 വർഷം | | |
| 11 | എഴുത്തിന്റെ ലോകം | .ക്ലാസ് മാസിക നിർമ്മാണം.<br>ചുമർപത്രിക നിർമ്മാണം.<br>വായന കാർഡ് നിർമ്മാണം.<br>മാതൃകാ നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി A4 സൈസിൽ വൃത്തിയായി എഴുതി കളർ നൽകി ലാമിനേഷൻ ചെയ്ത വായന കാർഡ് നിർമിക്കുക. | | ചാർട്ട്, കളർ | |



PanCV ssimit
Thiruvananthapuram Kerala

| | | | | | |
|---|---|---|---|---|---|
| 12 | മത്സരങ്ങളുടെ ലോകം. | മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ത കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് (അറബിക്) മത്സരങ്ങൾ സംഘടിപ്പിക്കുക, ഉദാഹരണം:<br>1 .ക്വിസ്<br>2 പദനിർമ്മാണം.<br>3.കഥ പറയൽ.<br>4.കവിത ചൊല്ലൽ.<br>5.പദപ്രശ്നം .<br>6.കളറിംഗ് .<br>7.മെമ്മറി ടെസ്റ്റ് .<br>8. ഗദ്യ വായന.<br>9.ആംഗ്യ ഗാനം .<br>10.ഖുർആൻ പാരായണം.<br>11.പദപയറ്റ് .<br>12 പസിൽസ്. | | | |
| 13 | ദിനാചരണങ്ങൾ | .സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു.<br><br>.നേരത്തെ നിശ്ചയിച്ചതനുസരിച്ച്ഓരോ ദിനങ്ങൾക്കുമുള്ള പോസ്റ്ററുകൾ നിർമ്മിക്കുന്നു. ( ഗ്രൂപ്പ് പ്രവർത്തനം. ) | | | |

## മേഖല : അക്കാദമികം

### ഉപമേഖല :

| | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കാൻ അവസരമൊരുക്കുന്നു. | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ബോധവൽക്കരണം. | അധ്യയന ആരംഭം മുതൽ. | BRC | SSA |
| 2 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് പിന്തുണ നൽകേണ്ടത് തൻറെ കൂടി കടമയാണെന്ന ധാരണയോടെ പ്രവർത്തിക്കാൻ സഹപാഠികളെ പ്രാപ്തരാക്കുന്നു. | പഠന പ്രവർത്തനത്തിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കൽ. | | | |
| 3 | അനുരൂപീകരണ സാധ്യതകൾ കണ്ടെത്തുക. | കുട്ടികളെ അറിയൽ. (ഓരോ കുട്ടിയുടെയും വിവരങ്ങൾ അടങ്ങിയ നോട്ട്ബുക്ക് തയ്യാറാക്കൽ, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കേസ് ഹിസ്റ്ററി ഓരോ ക്ലാസ് ടീച്ചറും തയ്യാറാക്കണം.) | | ടീച്ചർ | |
| 4 | | വ്യക്തിഗത ബോധന പദ്ധതി ആസൂത്രണം ചെയ്യൽ. | | ടീച്ചർ | |
| 5 | | ബി .ആർ . സി യുമായി ചേർന്ന് പ്രവർത്തന | | | |



Percussionist

| | | | | | |
|---|---|---|---|---|---|
| | | പദ്ധതി തയ്യാറാക്കൽ. | | | |
| 6 | | ഓരോ അധ്യാപികയും ടീച്ചിങ് നോട്ടിൽ ഈ കുട്ടികൾക്ക് നൽകാവുന്ന പിന്തുണ സൂചിപ്പിച്ച് പഠനാനുഭവങ്ങൾ അനുരൂപീകരിക്കൽ. | | | |
| 7 | | കുട്ടിയുടെ സവിശേഷ കഴിവ് കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ. | | | |
| 8 | | ഐ.ടി .പരിശീലനം. | | | |
| 9 | | എല്ലാ പ്രവർത്തനങ്ങൾക്കും ബോധപൂർവ്വം അവസരം നൽകൽ. | | | |
| 10 | | വിദഗ്ധരുടെ സേവനം ലഭ്യമാക്കൽ. | | | |
| 11 | | അവരുടെ ചെറിയ പുരോഗതി പോലും രക്ഷിതാക്കളുമായി പങ്കുവെയ്ക്കൽ | | | |
| 12 | | റിസോഴ്സ് അധ്യാപകരുടെ സേവനം ലഭ്യമാക്കൽ. | | BRC | |
| 13 | | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കഴിവുകൾക്ക് പൊതു അംഗീകാരം നൽകൽ. | | SMC | |
| 14 | | ക്ലാസ് റൂം പ്രവർത്തനത്തിൽ ഇവരുടെ പങ്കാളിത്തം ഉറപ്പാക്കൽ. | | ടീച്ചർ | |
| 15 | | പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായി | | SMC, HM | SSA/SMC |

| | | | | | |
|---|---|---|---|---|---|
| | | സംഘടിപ്പിക്കുന്ന ക്യാമ്പുകൾ , പരിശീലനങ്ങൾ എന്നിവയിൽ പങ്കെടുക്കുന്നതിനുള്ള ക്രമീകരണം, ഗ്രാന്റുകൾ യഥാസമയം ശേഖരിച്ച് വിതരണം എന്നിവ ഉറപ്പാക്കണം. | | | |
| 16 | | മികവുകൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകൽ | | ടീച്ചർ, SRG | |
| 17 | | ഭിന്നശേഷി ദിനാചരണത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള പരിപാടികൾ സംഘടിപ്പിക്കൽ. | | ടീച്ചർ, SRG | |



Percussionist

## മേഖല : അക്കാദമികം

## ഉപമേഖല : വിവരസാങ്കേതികവിദ്യ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി വളർത്തുക അതിലൂടെ പഠനം കാര്യക്ഷമമാക്കുക. | 1.ടൈപ്പിംഗ് (മലയാളം /ഇംഗ്ലീഷ്)<br>2.ഇൻറർനെറ്റിൽ നിന്നും വിവരശേഖരണം. അറിയിപ്പുകൾ നോട്ടീസുകൾ റിപ്പോർട്ട് എന്നിവ ടൈപ്പ് ചെയ്യൽ. | 1 വർഷം | അധ്യാപിക , SRG | SSA |
| | സന്നദ്ധതയുള്ള രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം. | | | |
| | സ്മാർട്ട് ക്ലാസ്സ് റൂം. | 3 വർഷം | HM, SMC | 2 ലക്ഷം (MP / MLA ) |
| | അധ്യാപകർക്ക് കൂടുതൽ പരിശീലനം. | 1 വർഷം | LSGD | 5000 SSA |
| | പാഠഭാഗം ഐ.സി.റ്റിസാധ്യതയോടെ വിനിമയം ചെയ്യൽ. | | | |
| | AI യുടെ ഉപയോഗം. | | | |
| | Vlog നിർമ്മാണം. | | | |
| | ഡോക്യുമെന്റേഷൻ | | | |



Percussionist
Thiruvananthapuram Kerala

## മേഖല : അക്കാദമികം

### ഉപമേഖല : സവിശേഷ പഠന പിന്തുണ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മത്സര പരീക്ഷകൾക്കും LSS നും പഠന പിന്തുണ. | ജി.കെ കോർണർ, മെഗാ ക്വിസ് , വിജ്ഞാനോത്സവം, എൽ.എസ്സ്.എസ്സ് പരിശീലനം, അസംബ്ലിയിൽ ക്വിസ് . | അദ്ധ്യായന വർഷം | SRG | |



Percussionist
Thrikkunnapuzha Kerala

## മേഖല : അക്കാദമികം

## ഉപമേഖല :പഠനയാത്ര

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കി പഠനയാത്രകൾ ക്രമീകരിക്കുന്നതിന്<br>2 പ്രാദേശിക പഠനയാത്രകൾ/ ഫീൽഡ് ട്രിപ് തുടർ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ | 1 ഫീൽഡ് ട്രിപ് - പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ടവ ലിസ്റ്റ് ചെയ്യൽ<br>2 പ്രാദേശിക സാധ്യതകൾ കണ്ടെത്തൽ<br>3 എല്ലാവർക്കും പഠനയാത്ര<br>4 ക്ലാസ് റൂം സമ്പാദ്യ പെട്ടി<br>5 രക്ഷകർത്തൃ ബോധവൽക്കരണം<br>6 സ്ഥല വിവര ശേഖരണം<br>7 തുടർ പ്രവർത്തനങ്ങൾ( യാത്ര വിവരണം വൈവിധ്യം കാലാവസ്ഥ)<br>8 മറ്റു ക്ലാസുകാരോട് പങ്കുവെക്കൽ<br>9 പൊതുസ്ഥാപനങ്ങൾ സന്ദർശിക്കൽ<br>10 ചരിത്ര സ്മാരകങ്ങൾ മ്യൂസിയങ്ങൾ ഇവ സന്ദർശിക്കൽ | ഒരു അധ്യയന വർഷം | HM, അധ്യാപകർ<br>SMC | |

മേഖല : അക്കാദമികം

ഉപമേഖല :പഠനോപകരണ നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 എല്ലാ ക്ലാസിലും ആർ ടി ഇ അനുശാസിക്കുന്ന പഠനോപകരണങ്ങൾ ഉറപ്പാക്കൽ | 1 ഓരോ ക്ലാസിലും ഓരോ വിഷയത്തിനും ആവശ്യമായ പഠനോപകരണങ്ങൾ ലിസ്റ്റ് ചെയ്യൽ<br>2 രക്ഷിതാക്കളുടെയും കുട്ടികളുടെയും പങ്കാളിത്തത്തോടെ പഠനോപകരണ ശില്പശാല<br>3 കളിപ്പാട്ട നിർമ്മാണം<br>4 ഉൽപന്നങ്ങളുടെ പ്രദർശനം | ഒരു അധ്യയന വർഷം | വിദഗ്ധർ<br>അധ്യാപകർ<br>SMC | |



Percussionist

**മേഖല : അക്കാദമികം**

**ഉപമേഖല :ദിനാചരണങ്ങൾ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികാസം | 1 ജൂൺ മുതൽ മാർച്ച് വരെയുള്ള പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനങ്ങളായി സംഘടിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | SRG, ക്ലാസ് അധ്യാപകർ | |



Percussionist
Thiruvananthapuram Kerala

**മേഖല : അക്കാദമികം**

**ഉപമേഖല :പരീക്ഷ /നിരന്തര വിലയിരുത്തൽ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|
| 1 കുട്ടിയുടെ പഠനനേട്ടം കൃത്യമായി നിർണയിക്കുകയും രക്ഷിതാക്കളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിന്<br>2 പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പഠന പിന്നാക്കാവസ്ഥ പരിഹരിക്കുക | 1 ഓരോ ക്ലാസിലും ഓരോ യൂണിറ്റിലും കുട്ടി നേടേണ്ട ആശയങ്ങൾ, ശേഷികൾ എന്നിവ മുൻകൂട്ടി അധ്യാപിക തയ്യാറാക്കി രക്ഷിതാക്കളെ അറിയിക്കണം.അത് നേടാനുള്ള ക്ലാസ് റൂം പ്രവർത്തനങ്ങൾ, രക്ഷിതാവ് എങ്ങനെ കുട്ടിയെ സഹായിക്കണമെന്നും പറയണം<br>2 ടീച്ചിംഗ് മാനുവലിൽ നിരന്തര വിലയിരുത്തൽ സാധ്യതകൾ രേഖപ്പെടുത്തണം<br>3 പ്രതികരണ പേജിലെ രേഖപ്പെടുത്തലിന്റെ തുടർച്ചയായി പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം<br>4 ഓരോ യൂണിറ്റ് പൂർത്തിയാവുമ്പോഴും യൂണിറ്റ് ടെസ്റ്റ് നടത്തി ക്ലാസ് പിടിഎയിൽ പഠനനില,പഠന പുരോഗതി എന്നിവ രക്ഷിതാവിനെ അറിയിക്കണം<br>5 നിരന്തര വിലയിരുത്തൽ ഫലങ്ങൾ എസ് ആർ ജിയിൽ ചർച്ച ചെയ്യണം<br>6 പ്രഥമാധ്യാപിക സൂചകങ്ങൾ വെച്ച് അധ്യാപകരുടെ ക്ലാസുകൾ മോണിറ്റർ ചെയ്ത് മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകണം<br>7 പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് വർക്ക് ഷീറ്റുകളുടെ സാധ്യത പ്രയോജനപ്പെടുത്തണം<br>8 എല്ലാ കുട്ടികളുടെയും നോട്ട്ബുക്ക്/ പോർട്ട് ഫോളിയോ മറ്റു ഉൽപ്പന്നങ്ങൾ എന്നിവ ക്ലാസ് പി ടി എ യിൽ പ്രദർശിപ്പിക്കണം. |

## മേഖല : സമൂഹബന്ധ ആസൂത്രണം.

**പ്രവർത്തനങ്ങൾ**

1.വിദ്യാലയ വികസന സമിതി രൂപീകരിക്കൽ -2024 മാർച്ച് -SMC

2. പ്രവേശനോത്സവം-2024-ജൂൺ 4-SRG, SMC, MPTA

3 .S M C, M P  T A രൂപീകരണം-ജൂലൈ 2024-SMC, MPTA

4.പ്രതിമാസ മീറ്റിംഗ്-എല്ലാം മാസവും -SMC

5. ആഘോഷങ്ങൾ-ഓണം, ക്രിസ്തുമസ്, ഈദ് -SMC

6.പൂർവ്വ വിദ്യാർത്ഥി സംഗമം-ജൂലൈ 2024-smc

7 .ക്ലാസ് പി റ്റി എ കൾ -എല്ലാം മാസവും =SRG, SMC, CPTA

8. കോർണർ പിറ്റി എ കൾ-എല്ലാം ടേമിലും

9 .രക്ഷകർതൃ ബോധവൽക്കരണം-എല്ലാമാസവും -S S A, SMC

10 .ലൈബ്രറി ബുക്കുകൾ രക്ഷിതാക്കൾക്കും-ജൂൺ രണ്ടാം വാരം2024 -ലൈബ്രേറിയൻ

11.സ്കൂൾ വാർഷികം-മാർച്ച് 2025-SMC, SRG, MPTA

12.പഠനോത്സവം -2025 മാർച്ച് -SMC, SRG

## മേഖല : ഭൗതിക സൗകര്യ വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 സ്റ്റാഫ് റൂം | അദ്ധ്യാപകർക്ക മുന്നൊരുക്കങ്ങൾ നടത്താനുള്ള റൂം | 2024 | SMC | പ്ലാൻ ഫണ്ട് |
| 2 ഉപയോഗപ്രദമായ ടോയ്ലറ്റ് | ആരോഗ്യം | 2024 | SMC- സ്പോൺസർ / MLA/MP ഫണ്ട് | 25 ലക്ഷം, പ്ലാൻ ഫണ്ട് |
| ശുചിത്വം | ഗ്രൗണ്ട് ഫില്ലിംഗ് | 1 വർഷം | SMC | LSGD |
| പഠന സൗകര്യം | ക്ലാസ്സ്മുറികൾ 6 എണ്ണം | 2 വർഷം | PWD | SSA,MP /MLA ഫണ്ട് 25 ലക്ഷം |
| ICT പ്രയോജനപ്പെടുത്തൽ സ്മാർട്ട് ക്ലാസ് മുറി | 16 ക്ലാസ്സ്മുറികളിലേക്ക് കമ്പ്യൂട്ടർ പഠന സൗകര്യം ഒരുക്കൽ | അടുത്ത അധ്യയന വർഷം മുതൽ | IT കോർഡിനേറ്റർ | MLA/MP ഫണ്ട്, LSGD 20 ലക്ഷം |
| Campus as a learning aid | ജൈവ വൈവിധ്യ ഉദ്യാനം തയ്യാറാക്കൽ | അടുത്ത അധ്യായന വർഷം | SMC കൃഷിഭവൻ | SSA ഫണ്ട് |
| യാത്രാ സൗകര്യം മെച്ചപ്പെടുത്തൽ | വാഹന സൗകര്യം | 2024 ജൂൺ | SMC | സ്പോൺസർ ഷിപ് |
| പഠന പിന്തുണ | ലാബ് നവീകരണം | അടുത്ത അധ്യയന വർഷം | SRG | SSA |
| Campus as a learning aid | ചുറ്റുമതിൽ നവീകരണം | 1 വർഷം | SMC | LSGD ഫണ്ട് |
| Clean campus | ഡ്രൈനേജ് | 1 വർഷം | SMC | LSGD ഫണ്ട് |

# ഉപസംഹാരം

പൊതു വിദ്യാലയം മികവുറ്റതാക്കാൻ നടത്തുന്ന പ്രയത്നങ്ങളുടെ ഭാഗമായി അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുകയാണ്. ആവശ്യാനുസരണം കൂട്ടിച്ചേർക്കലുകൾ നടത്തി വിപുലപ്പെടുത്തുവാൻ പറ്റുന്ന വിധത്തിലാണ് ക്രമീകരണം . നാടിന്റെ സാംസ്കാരിക കേന്ദ്രമാക്കി ഈ പൊതു വിദ്യാലയത്തെ മെച്ചപ്പെടുത്തുവാൻ എല്ലാ സുമനസ്സുകളുടെയും സഹായ സഹകരണം ഉണ്ടായിരിക്കുമെന്നാണ് പ്രതീക്ഷ. നിലവിലെ അവസ്ഥ, പോരായ്മകൾ, പരിഹാരമാർഗങ്ങൾ,പരിഹരിക്കേണ്ട കാലാവധി, വിവിധ മേഖലകളിലൂടെയുള്ള ആസൂത്രണമാണ് പേജുകളിൽ. വിദ്യാഭ്യാസരംഗത്ത് ഉണർവും പ്രതീക്ഷയുമേകാൻ ഈ മാസ്റ്റർ പ്ലാൻ പുതിയ ജാലകം തുറക്കുമെന്ന് പ്രതീക്ഷയോടെ 'ജാലകം2024-2025' അക്കാദമിക് മാസ്റ്റർ പ്ലാൻ സമൂഹത്തിനു മുമ്പിൽ നിറ പ്രതീക്ഷയോടെ സമർപ്പിക്കുന്നു...


Donated by:
ശ്രീ. റ്റി.എസ്.കലാധരൻ
ദേവസ്







